49/Govt/18

5711
08/05/18

Office of the Chief Engineer, LSGD, Thiruvananthapuram 5/05/18

കേരള സർക്കാർ

നം. തസ്വഭവ/ഡി.എ1/440/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം, 03/05/2018

## സർക്കുലർ

വിഷയം:-തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12.04.2018 ലെ തീരുമാനം നം.2.1,2.14,2.15,2.19

CE
DCE
AO
AA
JS

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ സൂചനയിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പൊതുവിഭാഗം ഫണ്ടിന്റെ ചെലവിനേക്കാൾ കറവാണ് എസ്.സി.എസ്.പി/റ്റി.എസ്.പി വിഹിതത്തിന്റെ ചെലവ് എന്നതിനാൽ അടുത്ത വർഷം ഇവയുടെ ചെലവ് പൊതുവിഭാഗം ചെലവിനേക്കാൾ ഉയർന്ന നിരക്കിലെത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ചെലവിനേക്കാൾ ഉയർന്ന നിരക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേടാൻ കഴിയുന്ന വിധത്തിൽ ഇതിനുള്ള മുന്നൊരുക്കം വകുപ്പുമേധാവികൾ നേരത്തെ നടത്തേണ്ടതാണ്. റ്റി.എസ്.പി. വിഹിതം ആവശ്യമില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് അടിയന്തിരമായി വകുപ്പുമേധാവികൾ ശേഖരിച്ച് കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകേണ്ടതാണ്.

2. ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള ഗ്രാമസഭ/വാർഡ് സഭ/വാർഡ് കമ്മിറ്റി കൂടുന്നതിന് വിപുലമായ പ്രചാരണവും പരസ്യവും നൽകേണ്ടതാണ്.

3. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2017-18 വാർഷിക പദ്ധതിയിലെ പൂർത്തീകരിച്ച പ്രോജക്ടുകളുടെ പൂർത്തീകരണപത്രം 30.04.2018-നകം തയ്യാറാക്കി സുലേഖ സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും തുടർന്ന് ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ്.

4. പ്രോജക്ടുകൾ വെറ്റ് ചെയ്യുമ്പോൾ പ്രോജക്ട് ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടുണ്ടെന്ന് വെറ്റിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ഫോറത്തിൽ സംഗ്രഹമായി ചേർക്കണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഇവ പൂർണ്ണമായും ചേർത്തിട്ടുണ്ടെന്ന് വെറ്റിംഗ് ഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ,സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്,സംസ്ഥാന ആസൂത്രണ ബോർഡ്,പട്ടം,
തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ) യുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി യുടെ സി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി(1) യുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ